submissions

Uncorrected/Not for publication
16-09-2025

**സബ്മിഷൻ**

(1) കാസർഗോഡ് ജില്ലയിലെ കടലാക്രമണം

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിലെ തീരപ്രദേശം അതിരൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുകയാണ്. കഴിഞ്ഞ ഏതാനും മാസക്കാലമായി ജില്ലയിലെ മഞ്ചേശ്വരത്തെ കണ്വതീർഥ, മുസോടി, ഉപ്പള, കോയിപ്പാടി, കീഴൂർ കടപ്പുറം, ചെമ്പരിക്ക, ഉദുമയിലെ ജന്മകടപ്പുറം, തൃക്കണ്ണാട്, അജാനൂർ, വലിയപറമ്പ, നീലേശ്വരം, അയിത്തല എന്നീ പ്രദേശങ്ങളാകെ കടലാക്രമണത്തിൽ കടൽ ഭൂമിയെടുത്തുകൊണ്ടുപോകുകയും അവിടെയുള്ള തെങ്ങും കവുങ്ങുമുൾപ്പെടെയുള്ള ഫലവൃക്ഷങ്ങളെല്ലാം കടലെടുക്കുകയും ചെയ്യുന്ന സ്ഥിതിയും ഉണ്ടായിട്ടുണ്ട്. തീരപ്രദേശത്തെ ഭൂമി വലിയതോതിൽ കടലെടുത്തുകൊണ്ടുപോയതിന്റെ ഭാഗമായി വീടുകളും റോഡുകളും തകരുകയാണ്. തീരദേശത്തെ ജനത ആകെ ഭീതിയിലാണ്. തൃക്കണ്ണാടുണ്ടായ രൂക്ഷമായ കടലാക്രമണത്തിൽ കാഞ്ഞങ്ങാട്-കാസർഗോഡ് ഭാഗത്തെ കെ.എസ്.ടി.പി. റോഡ് തകർച്ചയുടെ വക്കിലെത്തിയിരിക്കുകയാണ്. രൂക്ഷമായ കടലാക്രമണം നേരിടുന്ന

കാസർഗോഡ് ജില്ലയിലെ ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി ശാസ്ത്രീയമായ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ പദ്ധതി ആവിഷ്കരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കാസർഗോഡ് ജില്ലയിൽ 2025-ൽ അതിരൂക്ഷമായ കടലാക്രമണം മുൻവർഷങ്ങളെ അപേക്ഷിച്ച് പലയിടത്തും അനുഭവപ്പെടുന്നുണ്ട്. 87.65 കിലോമീറ്റർ തീരദൈർഘ്യമുള്ള കാസർഗോഡ് ജില്ലയിൽ അതിശക്തമായ മഴയുടെയും തീരദേശങ്ങളിലുണ്ടായ ഉയർന്ന തിരമാലകളുടെയും ഫലമായി പല പ്രദേശങ്ങളിലും നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കടലാക്രമണം രൂക്ഷമായ സ്ഥലങ്ങൾ എവിടെയൊക്കെയാണെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിക്കുകയുണ്ടായി. (കണ്വതീർഥ, മുസോടി, ഉപ്പളയിലെ ഹനുമാൻനഗർ, അയില കടപ്പുറം, മണിമുണ്ട് കടപ്പുറം, കോയിപ്പാടി, കാവുഗോളി, കീഴൂർ, ചെമ്പരിക്ക, ജന്മകടപ്പുറം, തൃക്കണ്ണാട്, അജാനൂർ, വലിയപറമ്പ) എന്നീ കടൽത്തീരങ്ങളിൽ തീരസംരക്ഷണ

പ്രവൃത്തികൾക്കായി താഴെപ്പറയുന്നപ്രകാരം പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്.

അതിൽ കൃഷ്ണതീർത്ഥ കടപ്പുറം, കണ്വതീർത്ഥ കടപ്പുറം, കോയിപ്പാടി കടൽത്തീരം, തൃക്കണ്ണാട് എന്നീ കടൽത്തീരങ്ങളിൽ വേൾഡ് ബാങ്ക് സഹായത്തോടെ കടൽത്തീര സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായിട്ടുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ മിഷൻ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്.

ഈ സ്ഥലങ്ങളിൽ ഓരോയിടത്തും ജിയോ ബാഗ് ഉപയോഗിച്ച് താൽക്കാലിക സംരക്ഷണമൊരുക്കുവാൻ 50 ലക്ഷം രൂപയുടെ ഡി.പി.ആർ. ജലസേചന വകുപ്പ് ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ 7455 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മുസോടി കടപ്പുറം

മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ തെക്കുഭാഗത്ത് മുസോടി കടപ്പുറം, മഞ്ചേശ്വരം ഹാർബർ നിർമ്മാണത്തെത്തുടർന്നാണ് ഈ തീരത്ത്

കടലാക്രമണം രൂക്ഷമായത്. ആയത് പരിഹരിക്കുന്നതിനായി ഹാർബർ എഞ്ചിനീയറിങ് വകുപ്പ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 13 ഗ്രോയിനുകളും കെ.ഡി.പി. പദ്ധതിയിലുൾപ്പെടുത്തി 6 ഗ്രോയിനുകളും 5 കിലോമീറ്റർ നീളം വരെയുള്ള കടൽത്തീരത്ത് നിർമ്മിച്ചിട്ടുണ്ട്. കാലവർഷം ശക്തിപ്പെടുമ്പോഴും ഇടയ്ക്കിടെ ഉണ്ടാകുന്ന ന്യൂനമർദ്ദങ്ങളുടെ പ്രഭാവംമൂലവും ഉണ്ടാകുന്ന ശക്തമായ തിരമാലകൾ കരയിലേക്ക് അടിച്ചുകയറുമ്പോൾ തീരശോഷണവും കടൽ ശാന്തമാകുമ്പോൾ തീരം രൂപപ്പെടുകയും ചെയ്യുന്നുണ്ട്. ഇതുസംബന്ധിച്ച വിശദമായി മറുപടി ടേബിൾ ചെയ്യുന്നു. കൂടാതെ ഇതിനനുബന്ധമായി നിലവിൽ സൂചിപ്പിച്ചതുപോലുള്ള പഠനം ആവശ്യമാണെങ്കിൽ അക്കാര്യത്തിനാവശ്യമായ നടപടികളും സ്വീകരിക്കാവുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

## ടെക്സ്റ്റൈൽ മേഖലയിലെ സാധ്യതകൾ

ശ്രീ. പി. നന്ദകുമാർ: സർ, കേരളത്തിലെ വ്യവസായ ഭൂപടത്തിൽ ടെക്സ്റ്റൈൽ മേഖലയ്ക്ക് അപ്രധാനമല്ലാത്ത സ്ഥാനമാണുള്ളത്. സ്പിന്നിങ്

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

മേഖലയിൽ പതിനഞ്ച് മില്ലുകൾക്കുപുറമെ ഒരു കമ്പോസിറ്റ് മില്ലും ഒരു ഓപ്പൺ-എൻഡ് മില്ലും കൂടാതെ രണ്ട് വീൽ മില്ലുകളും പ്രവർത്തിക്കുന്നുണ്ട്. രണ്ടരലക്ഷം സ്പിന്റിലുകളിൽ നിലവിൽ രണ്ടുലക്ഷം സ്പിന്റിലുകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ 66 ഹൈസ്പീഡ് എയർ ജെറ്റ്ലൂമുകളും അഞ്ച് ഇന്റഗ്രേറ്റഡ് പവർ ലൂമുകളും കൂടാതെ ഹാൻഡ്ലൂമുകളുമുണ്ട്. മൂവായിരത്തിലധികം പേർ നേരിട്ടും അല്ലാതെയും ജോലി ചെയ്യുന്ന ഈ വ്യവസായ സ്ഥാപനം സംരക്ഷിക്കുന്നതിന് അടിയന്തര നടപടിയുണ്ടാകണം. നാട്ടുകാണിയിൽ പൂർത്തീകരിക്കാത്ത നിലയിലൊരു ഡൈയിങ് യൂണിറ്റുണ്ട്. ഈ സൗകര്യങ്ങളെല്ലാം ഉപയോഗപ്പെടുത്തിയാൽ കേരള ബ്രാൻഡ് ഉൽപ്പന്നങ്ങളുണ്ടാക്കി കേരളത്തിലെ വിവിധ മാർക്കറ്റിൽ വിറ്റഴിക്കാൻ സാധിക്കും. മറ്റ് സംസ്ഥാനങ്ങളെക്കാൾ വസ്ത്രവ്യാപാരത്തിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം എന്ന് നമുക്കറിയാം. അതുകൊണ്ടുതന്നെ കേരളത്തിന്റെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തണം. ദേശീയ ആവറേജ് 17 മീറ്റർ തുണി ഉപയോഗിക്കുമ്പോൾ കേരളത്തിൽ 34 മീറ്റർ തുണിയാണ് ഉപയോഗിക്കുന്നത്. ഇവിടെ വ്യത്യസ്തങ്ങളായ ഫാബ്രിക്സ് ഉൽപ്പന്നങ്ങളുടെ

ആവശ്യം 113.58 കോടി മീറ്ററാണ്. നിലവിലെ ഉൽപാദനം കൊണ്ടുമാത്രം ഇത്രയും ആവശ്യങ്ങൾ നിറവേറ്റാൻ സാധിക്കില്ല. സർക്കാർ സ്ഥാപനങ്ങളിൽ മാത്രം യൂണിഫോമിനും ബെഡ്ഷീറ്റുകൾക്കും മറ്റ് ഫർണിഷിങ് ക്ലോത്തുകൾക്കും ലക്ഷക്കണക്കിന് മീറ്റർ തുണി ആവശ്യമാണ്. നമ്മുടെ ഉൽപാദനം പൂർണ്ണമായും ഉപയോഗപ്പെടുത്തിയാൽ നേട്ടമുണ്ടാക്കാൻ കഴിയും. ഈ വിപുലമായ സാധ്യത ഉപയോഗപ്പെടുത്തി സമഗ്രമായ കാഴ്ചപ്പാടിലൂടെ കേരള ബ്രാൻഡ് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; മില്ലുകളുടെ കൈവശമുള്ള അധിക ഭൂമി വ്യവസായ വികസനത്തിന് സഹായകരമാകുംവിധം പുനർവിനിയോഗിക്കാനുള്ള നടപടി സ്വീകരിക്കുമോ; ടെക്സ്റ്റൈൽ വ്യവസായ മേഖലയെ രക്ഷിക്കാനും വളർത്താനും സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? മൂവായിരത്തിലധികം തൊഴിലാളികൾ പ്രത്യക്ഷമായും മൂവായിരത്തോളംപേർ പരോക്ഷമായും ജോലിചെയ്യുന്ന അനന്തസാധ്യതയുള്ള ഈ വ്യവസായ മേഖലയെ സംരക്ഷിക്കാൻ സമഗ്രമായ കാഴ്ചപ്പാടോടെ സർക്കാർ ഇടപെടണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ അംഗം ഉന്നയിച്ച കാര്യങ്ങൾ വളരെ പ്രസക്തമാണ്. ടെക്സ്റ്റൈൽ മേഖല രാജ്യവ്യാപകമായി വലിയ പ്രതിസന്ധി നേരിടുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട കേന്ദ്ര സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടിയിരിക്കുകയാണ്. ഈ ഘട്ടത്തിലും ടി മേഖലയെ ശക്തിപ്പെടുത്തിക്കൊണ്ട് മത്സരക്ഷമമാക്കി ലാഭകരമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഈ വർഷത്തെ മൂലധനമായി ഈ സർക്കാർ 22.39 കോടി രൂപ നൽകിയിട്ടുണ്ട്. ഇതുകൂടാതെ 11 കോടി രൂപ പ്രവർത്തന മൂലധനമായി അനുവദിക്കുകയും പഴയ കോട്ടൺ വാങ്ങിയ ഇനത്തിലുണ്ടായിരുന്ന കുടിശ്ശികയിനത്തിൽ മൂന്നര കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി കുടിശ്ശികയിനത്തിൽ ടെക്സ്റ്റൈൽ മില്ലുകളിൽ നിന്ന് മാത്രമായി കെ.എസ്.ഇ.ബി.എൽ.-ന് നൽകാനുണ്ടായിരുന്ന കുടിശ്ശിക രണ്ട് ഘട്ടമായി ഒഴിവാക്കി നൽകുകയും ഇതുവഴി ഏകദേശം 136.23 കോടി രൂപയുടെ ബാധ്യത സർക്കാർ എഴുതി തള്ളുകയും ചെയ്തിട്ടുണ്ട്. അതുപോലെ, ആദ്യമായി സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് ക്ലിയർ ചെയ്യുന്നതിനുവേണ്ടി 6.48 കോടി രൂപ നൽകിയിട്ടുമുണ്ട്. ടെക്സ്റ്റൈൽ മില്ലുകൾക്ക് മാത്രമായി ഈ വർഷത്തെ ബജറ്റിൽ 14.5 കോടി രൂപ

വകയിരുത്തിയിട്ടുണ്ട്. മികച്ച ഗുണമേന്മയുള്ള കോട്ടൺ കൃത്യസമയത്ത് വിലക്കുറവിൽ സമാഹരിക്കാൻ സാധിച്ചിരുന്നില്ല. അത് പരിഹരിക്കുന്നതിനായി കോട്ടൺ ബോർഡ് ആരംഭിച്ചിട്ടുണ്ട്. കോട്ടൺ ബോർഡിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ബഹുമാന്യനായ അംഗം ഉന്നയിച്ച ക്രിയാത്മകമായ നിർദേശങ്ങൾ ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്തിരുന്നു. അതിന്റെ ഭാഗമായി വാല്യൂ അഡീഷൻ എന്ന നിലയിൽ; യൂണിഫോം തുണിത്തരങ്ങൾ, ഷർട്ടുകൾ, സ്യൂട്ടിങ്ങുകൾ, ലുങ്കികൾ, ദോത്തികൾ, സാരികൾ, കുർത്തകൾ, ബെഡ് ഷീറ്റുകൾ, നൈറ്റികൾ, ആശുപത്രി ബെഡ് ഷീറ്റുകൾ, മറ്റ് ഫർണിഷിങ് തുണികൾ തുടങ്ങിയ മൂല്യവർധിത ഉൽപന്നങ്ങൾ; നിർമ്മിച്ച് വിൽക്കാനായി തീരുമാനം എടുത്തിട്ടുണ്ട്. മില്ലുകളുടെ കൈവശമുള്ള അധിക ഭൂമി 30 വർഷം വരെ വ്യാവസായിക ആവശ്യത്തിനായി ലീസിന് കൊടുക്കുന്നതിനും മില്ലുകളിൽ ഇപ്പോൾ ഉപയോഗമില്ലാതെ കിടക്കുന്ന കെട്ടിടങ്ങൾ 5 വർഷത്തേക്ക് വാടകയ്ക്ക് നൽകുന്നതിനും അതാത് മില്ലുകളും ഡയറക്ടർ ബോർഡുകൾ/ഭരണ സമിതികൾക്ക് തീരുമാനമെടുക്കാനുള്ള അധികാരവും ഈ യോഗത്തിന്റെ

തുടർച്ചയായി ഗവൺമെന്റ് നൽകിയിട്ടുണ്ട്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു+.

## അഴീക്കോട് നീർക്കടവിൽ ഫിഷ് ലാന്റിങ് സെന്റർ ആരംഭിക്കുന്നത്

ശ്രീ. കെ. വി. സുമേഷ്: സർ, അഴീക്കോട് നിയോജകമണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾ ഏറ്റവും കൂടുതൽ തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണ് നീർക്കടവ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അവിടെ വരികയും തീരസദസ്സിന്റെ ഭാഗമായി പങ്കെടുക്കുകയും ചെയ്തിരുന്നു. ഫിഷ് ലാൻഡിങ് സെന്റർ എന്നത് അവിടെയുള്ള മത്സ്യത്തൊഴിലാളികളുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമായിരുന്നു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മുൻകൈയെടുത്ത് സാധ്യതാപഠനം നടത്താൻ അനുകൂലമായ നിലപാട് സ്വീകരിക്കുകയും ചെയ്തു. അവിടെയുള്ള മത്സ്യത്തൊഴിലാളികളുടെ ഏറ്റവും വലിയ ആഗ്രഹമായ ഫിഷ് ലാൻഡിങ് സെന്റർ യാഥാർഥ്യമാക്കുന്നതിന് എത്രയുംവേഗം നടപടി സ്വീകരിക്കാനാകുമോ എന്നതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാൻ ആഗ്രഹിക്കുന്നത്.

---

\+ അനുബന്ധമായി ചേർക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, കണ്ണൂർ ജില്ലയിലെ അഴീക്കോട് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തീരദേശ ഗ്രാമമായ നീർക്കടവിൽ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം നിർമ്മിക്കണമെന്ന് ബഹുമാന്യനായ അംഗം ശ്രീ. കെ. വി. സുമേഷ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗവേഷണം നടത്താൻ 24 ലക്ഷം രൂപയുടെ ഭരണാനുമതി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകി. തുടർന്ന് മാതൃകാപഠനം നടത്താനായി തിരഞ്ഞെടുത്ത കേന്ദ്ര സർക്കാർ സ്ഥാപനമായ പൂനെയിലെ സെൻട്രൽ വാട്ടർ & പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-ന് പഠനം നടത്താനാവശ്യമായ 9.94 ലക്ഷം രൂപ 21-08-2024-ന് നൽകിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ മാതൃകാപഠനം ആരംഭിക്കുകയും 15-07-2025-ന് കരട് മാതൃകാപഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

പൊതുജനങ്ങളിൽനിന്ന് കരട് മാതൃകാപഠന റിപ്പോർട്ടിനെ സംബന്ധിച്ച അഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിനായി 11-08-2025-ന് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നേതൃത്വത്തിൽ യോഗം

ചേരുകയുണ്ടായി. പ്രദേശവാസികൾ ചൂണ്ടിക്കാണിച്ച മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് ആവശ്യമായ പഠനങ്ങൾ നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിക്കാൻ CWPRS-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. CWPRS-ൽനിന്നും റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ CRZ-ന്റെ അനുമതിക്കായി സമർപ്പിച്ച് പദ്ധതിക്കാവശ്യമായ പണം ഇതിനുവേണ്ടി വകയിരുത്തി, ടി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുകയാണ്.

<u>മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം</u>

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, കടലിലും കായലുകളിലും മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾ അപകടങ്ങൾമൂലവും മറ്റു ആരോഗ്യപ്രശ്നങ്ങളാലും മരണപ്പെടുന്ന സംഭവങ്ങൾ വർധിച്ചുവരുന്നുണ്ട്. പ്രത്യേകിച്ചും, നോട്ടിക്കൽ മൈലുകൾക്കപ്പുറം കടലിലും കായലുകളിലും ഒറ്റപ്പെട്ട വള്ളങ്ങളുമായി തൊഴിൽ ഏർപ്പെടുന്ന സാഹചര്യങ്ങളിൽ ഹൃദയാഘാതം, പക്ഷാഘാതം തുടങ്ങിയവ അനുഭവപ്പെടുകയും അവർക്ക് പ്രതികൂല സാഹചര്യങ്ങളിൽ പെട്ടെന്ന്

കരയ്ക്കെത്തുവാനോ കൃത്യസമയത്ത് ചികിത്സ ലഭ്യമല്ലാതെ മരണപ്പെടുകയും ചെയ്യുന്നുണ്ട്. അപകട മരണങ്ങൾക്ക് ഫിഷറീസിന്റെയും മത്സ്യഫെഡിന്റെയും 10 ലക്ഷം രൂപ വീതമുള്ള ധനസഹായം ഇൻഷ്വറൻസ് മുഖേന ലഭ്യമാകുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ ജോലി സ്ഥലങ്ങളിൽവച്ച് മരണപ്പെടുന്നവർക്ക് യാതൊരു സഹായവും ലഭ്യമാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇത്തരത്തിൽ ജോലി സ്ഥലങ്ങളിൽ പ്രതികൂല സാഹചര്യങ്ങളിൽ മരണപ്പെടുന്നവർക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നോ മറ്റേതെങ്കിലും ഫണ്ടിൽ നിന്നോ ധനസഹായം ലഭ്യമാക്കാനുള്ള അടിയന്തര ഇടപെടലുണ്ടാകണമെന്നുകൂടി ഇത്തരുണത്തിൽ സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്.

അതിനോടൊപ്പം ശക്തികുളങ്ങര, നീണ്ടകര മേഖലകൾ സംസ്ഥാനത്തെ ഏറ്റവും വലിയ ഹാർബറുകളാണ്. പതിനായിരത്തിലധികം തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ മേഖലകളിൽ ഡിസാസ്റ്റർ വാർഫ്, റെസ്ക്യൂ വാർഫ്, ഡിസാസ്റ്റർ ബിൽഡിങ് തുടങ്ങിയവ നിർമ്മിക്കണം. ഇത്തരം സാഹചര്യങ്ങളിൽ ആംബുലൻസ് അടക്കമുള്ള സഹായം

ലഭ്യമാക്കേണ്ടതാണ്. പക്ഷേ അതിന്റെ നിർമ്മാണം വളരെ മന്ദീഭവിച്ചുവെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്. നിലവിലുള്ള കരാറുകാരെ ഒഴിവാക്കി പുതിയ കരാർ നൽകേണ്ട വിഷയം അടിയന്തരമായി പരിഗണിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. ഈ രണ്ട് വിഷയങ്ങളും സബ്മിഷനിലൂടെ ഞാൻ അങ്ങയുടെ മുന്നിൽ അവതരിപ്പിക്കുകയാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ളത്. ക്ഷേമനിധി ബോർഡുവഴി 10 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് നടപ്പാക്കുന്നുണ്ട്. അതിന്റെ പ്രീമിയം പൂർണ്ണമായും ഗവൺമെന്റാണ് അടയ്ക്കുന്നത്. മത്സ്യഫെഡുവഴി 10 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് നടപ്പാക്കുന്നുണ്ട്. ഏതാണ്ട് അഞ്ഞൂറോളം രൂപയാണ് അതിന്റെ പ്രീമിയമായി അടയ്ക്കുന്നത്. മത്സ്യബന്ധനത്തിനിടയിൽ അപകടംമൂലം മരണപ്പെടുന്നവരുടെയും മത്സ്യബന്ധനവേളയിൽ കാണാതാകുന്നവരുടെയും ആശ്രിത പദ്ധതി പ്രകാരം പണം കൊടുക്കുകയെന്നതാണ് ഇൻഷ്വറൻസ് വഴിയുള്ള ഇപ്പോഴത്തെ സ്കീമിലുള്ളത്.

ഈ പദ്ധതി പ്രകാരം മത്സ്യബന്ധനത്തിനിടയിൽ സംഭവിക്കുന്ന സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് 10 ലക്ഷം രൂപയും സ്ഥിരവും ഭാഗികമായ അവശതയ്ക്ക് 5 ലക്ഷം രൂപയും അപകടത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ രണ്ട് കുട്ടികളുടെ വിദ്യാഭ്യാസ സഹായമായി 10,000 രൂപയും അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടി വരുന്നവർക്ക് പരമാവധി 25000 രൂപയും ധനസഹായമായി നൽകിവരുന്നുണ്ട്. ഇതിനുപുറമേ മരണാനന്തര ചടങ്ങുകൾക്കായി 2500 രൂപയും അനുവദിച്ചുവരുന്നു. വെറും 509 രൂപയാണ് മത്സ്യഫെഡുവഴിയുള്ള പദ്ധതിക്കുവേണ്ടി ഇപ്പോൾ പ്രീമിയമായി കൊടുക്കുന്നത്. പൂർണ്ണ അംഗവൈകല്യം സംഭവിച്ചാൽ 10 ലക്ഷം രൂപയും മരണാനന്തര ചടങ്ങുകൾക്ക് 5000 രൂപയും ആംബുലൻസ് ചെലവിന് 5000 രൂപയും അപകടത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായമായി പരമാവധി ഒരു ലക്ഷം രൂപയും ആ പദ്ധതി പ്രകാരം നടപ്പാക്കുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഇൻഷ്വറൻസ് പരിരക്ഷയില്ലാതെ അപകടങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും പരമാവധി

ധനസഹായം നൽകിവരുന്നുണ്ട്. മത്സ്യബന്ധനത്തിനിടയിൽ ഹൃദയാഘാതം സംഭവിച്ച് കടലിൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം അനുവദിക്കുന്ന കാര്യത്തിൽ റവന്യൂ വകുപ്പുമായി കൂടിയാലോചിച്ചിട്ടുണ്ട്. ഹൃദയാഘാതംമൂലം കടലിൽവച്ച് അപകടമുണ്ടായി മരണപ്പെട്ടാൽ ഇൻഷ്വറൻസ് കമ്പനികൾ പണം കൊടുക്കാൻ തയ്യാറാകുന്നില്ല എന്നതാണ് പ്രശ്നം. അത് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായും ചർച്ച ചെയ്തു. ഇൻഷ്വറൻസ് കമ്പനികളുമായി പലതവണ ചർച്ച ചെയ്തു. ഇതിന് ശാശ്വത പരിഹാരം കാണാനുള്ള ഇടപെടൽ നടത്തുന്നുണ്ട്. അതിന് പരിഹാരം കാണുമെന്നുള്ള കാര്യം പറയാൻ ആഗ്രഹിക്കുകയാണ്.

രണ്ടാമത്തെ പ്രശ്നം, ഡിസാസ്റ്റർ മാനേജ്മെന്റ് കെട്ടിടം സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ആർ.ഐ.ഡി.എഫ്. XXVI-ൽ ഉൾപ്പെടുത്തി 84 മീറ്റർ നീളത്തിൽ റെസ്ക്യൂ വാർഫ് നിർമ്മാണം 23-03-2023-ൽ ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചു. നീണ്ടകര ഫിഷിങ് ഹാർബറിൽ ശക്തികുളങ്ങര ഭാഗത്തെ വികസന

പ്രവർത്തനങ്ങൾക്കായി 14.16 കോടി രൂപയ്ക്ക് സാങ്കേതിക അനുമതി നൽകി കരാർ വയ്ക്കുകയും 15-09-2021-ൽ കരാറുകാരന് സൈറ്റ് കൈമാറുകയും ചെയ്തു. പ്രസ്തുത കരാറിൽ ശക്തികുളങ്ങര ഭാഗത്ത് ഡിസാസ്റ്റർ മാനേജ്മെന്റ് സെന്റർ നിർമ്മാണവും ഉൾപ്പെട്ടിരുന്നു. പ്രസ്തുത കെട്ടിടം റെസ്ക്യൂ വാർഫിന് സമീപത്തുള്ള ദേശീയപാതയുടെ പ്രവേശനം സാധ്യമാകുന്ന തരത്തിലായിരുന്നു വിഭാവനം ചെയ്തിരുന്നത്. ഇത് നാഷണൽ ഹൈവേ അതോറിറ്റിയുമായി ബന്ധപ്പെട്ട പ്രശ്നമാണ്. നമ്മൾ കോൺട്രാക്ട് കൊടുത്തു. ചെറിയ പ്രയാസങ്ങൾ അവരുമായി ബന്ധപ്പെട്ടുണ്ട്. അത് ചർച്ച ചെയ്ത് പരിഹരിച്ച് നിർമ്മാണം പൂർത്തികരിക്കും. മറുപടിയുടെ വിശദാംശങ്ങൾ മേശപ്പുറത്തുവയ്ക്കുന്നു+.

## ചെറുവത്തൂരിൽ ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജ് സ്ഥാപിക്കുന്നതിന് നടപടി

ശ്രീ. എം. രാജഗോപാലൻ: സർ, സർക്കാർ മേഖലയിൽ ഒരു ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജ് കാസർഗോഡ് ജില്ലയിൽ

+ അനുബന്ധമായി ചേർക്കുന്നു.

ആരംഭിക്കുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് സബ്മിഷൻ.

2020-21 സാമ്പത്തിക വർഷം മുതൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ചെറുവത്തൂർ ടെക്നിക്കൽ ഹൈസ്കൂൾ കാമ്പസിൽ ഒരു ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജ് സ്ഥാപിക്കുന്നതിന് സംസ്ഥാന ബജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തി വരുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിന്റെ 01-03-2003-ലെ ഉത്തരവുപ്രകാരം മേൽസൂചിപ്പിച്ച സ്ഥലത്ത് സർക്കാർ എഞ്ചിനീയറിങ് കോളേജ് സ്ഥാപിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിരുന്നു. ഇതുസംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് കണ്ണൂർ സർക്കാർ എഞ്ചിനീയറിങ് കോളേജ് പ്രിൻസിപ്പലിനെ ചുമതലപ്പെടുത്തുകയും പ്രസ്തുത റിപ്പോർട്ട് ഗവൺമെന്റിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടുപ്രകാരം ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജ് സ്ഥാപിക്കുകയാണെങ്കിൽ കണ്ണൂർ-കാസർഗോഡ് ജില്ലകളിലെ വിദ്യാർഥികൾക്ക് ഏറെ പ്രയോജനകരമാണെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. ഇതിനുശേഷം 25-05-2023-ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

സാധ്യതാപഠന റിപ്പോർട്ടിന്റെ തുടർച്ചയായി പുതിയ എഞ്ചിനീയറിങ് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാരിനുണ്ടാകുന്ന വിശദമായ സാമ്പത്തിക ബാധ്യതാ വിവരങ്ങൾകൂടി തയ്യാറാക്കി നൽകാൻ ആവശ്യപ്പെടുകയും പ്രസ്തുത റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നു. 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 3 കോടി രൂപയുടെ 20 ശതമാനം തുക നീക്കിവച്ചിട്ടുണ്ട്. പുതിയ എഞ്ചിനീയറിങ് കോളേജ് ആരംഭിക്കുന്നതിന് നിലവിൽ അവിടെ സ്ഥലം ലഭ്യമാണ്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ചെറുവത്തൂർ ടെക്നിക്കൽ ഹൈസ്കൂളിന് 20 ഏക്കറോളം ഭൂമിയുണ്ട്. ഇതിൽ 15 ഏക്കർ ഭൂമി പുതിയ എഞ്ചിനീയറിങ് കോളേജിനുവേണ്ടി വിനിയോഗിക്കുന്നതിന് യാതൊരു തടസ്സവുമില്ല. ആയതിനാൽ ബി.ടെക് ഇൻ ഇലക്ട്രിക്കൽ ആൻഡ് കമ്പ്യൂട്ടർ എഞ്ചിനീയറിങ്, ബി.ടെക് ഇൻ റോബോട്ടിക്സ് ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബി.ടെക് ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഡാറ്റാ സയൻസ് എന്നീ മൂന്ന് പുതുതലമുറ കോഴ്സുകൾ ഉൾപ്പെടുത്തി കോളേജ് ആരംഭിക്കുന്നതിനായി നടപടികൾ ആരംഭിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, കാസർഗോഡ് ജില്ലയിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും എന്നാൽ അക്കാദമികമായി കഴിവുള്ളവരുമായ നിരവധി വിദ്യാർഥികൾക്ക് ഉന്നതവിദ്യാഭ്യാസം നേടുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള എഞ്ചിനീയറിങ് കോളേജ് സ്ഥാപിക്കണമെന്ന ആവശ്യം തിരിച്ചറിഞ്ഞുകൊണ്ട് ചെറുവത്തൂരിലെ ടെക്നിക്കൽ ഹൈസ്കൂൾ സ്ഥലത്ത് ഒരു സർക്കാർ എഞ്ചിനീയറിങ് കോളേജ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി സർക്കാർ പരിശോധിച്ചുവരികയാണ്. കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ സർക്കാർ ടെക്നിക്കൽ സ്കൂൾ കോമ്പൗണ്ടിൽ സർക്കാർ മേഖലയിൽ ബി.ടെക് പുതുതലമുറ കോഴ്സുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രൊപ്പോസൽ പരിശോധിച്ചുകൊണ്ട് ആയതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടാകുന്ന വിശദ സാമ്പത്തിക ബാധ്യത സംബന്ധിച്ച പഠനം നടത്തുന്നതിനും കണ്ണൂർ സർക്കാർ എഞ്ചിനീയറിങ് കോളേജ് പ്രിൻസിപ്പൽ നോഡൽ ഓഫീസറായി കമ്മിറ്റി രൂപീകരിക്കുകയും ബന്ധപ്പെട്ട പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. കാമ്പസിനായി നിലവിലുള്ള സർക്കാർ ഭൂമി ഉപയോഗിക്കുന്നത് പ്രാഥമിക

നിക്ഷേപം കുറയ്ക്കാനും പദ്ധതിയുടെ നിർവഹണം വേഗത്തിലാക്കാനും സഹായിക്കുമെന്നും സർക്കാർ ഉടമസ്ഥതയിൽ നിലവിൽ ചെറുവത്തൂരിൽ 48.0783 ഹെക്ടർ ഭൂമി ലഭ്യമാണെന്നും AICTE (All India Council for Technical Education) മാർഗനിർദേശപ്രകാരം എഞ്ചിനീയറിങ് കോളേജ് സ്ഥാപിക്കുന്നതിന് ആവശ്യമായ ഭൂമി ലഭ്യമാണെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. ഡിജിറ്റൽ യുഗത്തിൽ മികവ് പുലർത്താനും സാങ്കേതിക വിദ്യയുടെയും വ്യവസായത്തിന്റെയും മുന്നേറ്റത്തിന് സംഭാവന നൽകാനും കഴിയുന്ന വിധത്തിൽ വിദ്യാർഥികളെ സജ്ജരാക്കാൻ ഇലക്ട്രിക്കൽ ആൻഡ് കമ്പ്യൂട്ടർ എഞ്ചിനീയറിങ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഇൻ ഡാറ്റാ സയൻസ്, റോബോട്ടിക്സ് ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നീ കോഴ്സുകൾ ഈ കോളേജിൽ ആരംഭിക്കണമെന്നാണ് ശിപാർശ ചെയ്തിട്ടുള്ളത്. ഈ ശിപാർശ പരിശോധിച്ചുവരികയാണ്. 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 3 കോടി രൂപയുടെ 20% തുക ഇതിനായി അനുവദിച്ചിട്ടുണ്ട്. കൂടുതൽ ആവശ്യമായി വരുന്ന തുക കണ്ടെത്തേണ്ടതുണ്ട്. ഇക്കാര്യങ്ങൾ പരിശോധിച്ച് തുടർനടപടികൾ

സ്വീകരിക്കുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ. ഉൾപ്പെടെ ബന്ധപ്പെട്ടവരുടെ യോഗം മന്ത്രിതലത്തിൽ ഉടനെ വിളിച്ച് ചേർക്കുന്നതാണ്.

കെ-ടെറ്റ് പരീക്ഷ സംബന്ധിച്ച ആശങ്ക

ശ്രീ. എം. വിജിൻ: സർ, അധ്യാപക യോഗ്യത ടെറ്റ് സംബന്ധിച്ച ബഹു. സുപ്രീംകോടതിയുടെ വിധി അധ്യാപകരിൽ വലിയ തോതിലുള്ള ആശങ്കയാണ് നിലവിൽ സൃഷ്ടിച്ചിരിക്കുന്നത്. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തെത്തുടർന്ന് കേരളത്തിൽ നിയമിച്ച ലിഡാ ജേക്കബ് കമ്മിഷന്റെ റിപ്പോർട്ടിനെ തുടർന്നാണ് 2011-ൽ കെ-ടെറ്റ് സംബന്ധിച്ച ഒരു ഉത്തരവ് കേരളത്തിൽ ഇറങ്ങുന്നത്. പ്രസ്തുത ഉത്തരവുപ്രകാരം 01-04-2012 മുതൽ പുതുതായി സർവീസിൽ വരുന്ന അധ്യാപകർക്ക് ടെറ്റ് നിർബന്ധമാക്കി. നിയമത്തിന്റെ ഭാഗമായി 01-04-2012-ന് മുമ്പുള്ള അധ്യാപകർക്ക് ടെറ്റ്-ൽ ഇളവ് നൽകുകയും ചെയ്തുകൊണ്ട് ഉത്തരവ് ഇറക്കുകയുണ്ടായി. 25-07-2012-ൽ എം.എഡ്. യോഗ്യതയുള്ളവർക്ക് ടെറ്റ് ഇളവ് കൊടുത്തുകൊണ്ട് ഉത്തരവിറക്കി. 30-08-2016-ൽ പ്രസിദ്ധീകരിച്ച ഉത്തരവുപ്രകാരം നെറ്റ്, സെറ്റ്, എം.ഫിൽ, പിഎച്ച്.ഡി., സിടെറ്റ് യോഗ്യതയുള്ളവർക്കും ടെറ്റ്-ൽ ഇളവ് കൊടുത്തുകൊണ്ടുള്ള വിധി

വരികയുണ്ടായി. എന്നാൽ നിലവിൽ വന്ന ബഹു. സുപ്രീംകോടതിയുടെ വിധിയിൽ എം.എഡ്., സെറ്റ്, നെറ്റ്, പിഎച്ച്.ഡി., എം.ഫിൽ; സംബന്ധിച്ച് സൂചന പറയുന്നില്ല. ഇത് തുടരുന്നതിൽ ഒരു പരിശോധന നമുക്ക് നടത്തേണ്ടതുണ്ട്. 2012-ന് മുമ്പ് ഇളവ് കൊടുത്ത അധ്യാപകർക്ക് വലിയനിലയിലുള്ള ആശങ്കയാണുള്ളത്. അവർ വീണ്ടും ടെറ്റ് യോഗ്യത പാസ്സായില്ലെങ്കിൽ അവർ ജോലിയിൽനിന്നുതന്നെ ഒഴിവാക്കപ്പെടുന്ന ഒരു സാഹചര്യത്തിലാണ് എത്തിനിൽക്കുന്നത്. വിരമിക്കാൻ അഞ്ച് വർഷം ബാക്കി നിൽക്കുന്ന അധ്യാപകർക്ക് മാത്രമാണ് ബഹു. സുപ്രീംകോടതിയുടെ വിധിയുടെ ഭാഗമായി നിലവിൽ ഇളവ് ലഭ്യമാകാൻ പോകുന്നത്. അതുകൊണ്ടുതന്നെ ടെറ്റ് സംബന്ധിച്ച് അധ്യാപകരുടെ വലിയ ആശങ്കയാണ് നിലനിൽക്കുന്നത്. ആയിരക്കണക്കിന് അധ്യാപകർ ഇതിന്റെ ഭാഗമായി ജോലി നഷ്ടപ്പെടുമെന്ന ആശങ്കയിലാണ്. ഈ ആശങ്ക പരിഹരിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. പി. എ. മജീദും നോട്ടീസ് നൽകിയിട്ടുണ്ട്.

കെ-ടെറ്റ് പരീക്ഷ സംബന്ധിച്ച ആശങ്ക

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, അധ്യാപകരുടെ യോഗ്യത സംബന്ധിച്ച് 2025 സെപ്റ്റംബർ 1-ന് ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായം ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവരിൽ വലിയ ആശങ്ക സൃഷ്ടിച്ചിട്ടുണ്ട്. 6 മുതൽ 14 വയസ്സ് വരെ പ്രായമുള്ള കുട്ടികളുടെ വിദ്യാഭ്യാസം അവരുടെ അവകാശമാക്കി മാറ്റുന്നതിനായുള്ള നിയമത്തിന് 2009 ആഗസ്റ്റ് മാസം 26-നാണ് ബഹുമാനപ്പെട്ട ഇന്ത്യൻ യൂണിയൻ പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചത്. 2010 ഏപ്രിൽ മാസം 1 മുതലാണ് ഈ നിയമം പ്രാബല്യത്തിൽ വന്നത്. ഈ നിയമത്തിൽ അധ്യാപക യോഗ്യത സംബന്ധിച്ച കാര്യങ്ങൾ സെക്ഷൻ 23-ലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതുപ്രകാരം കേന്ദ്രസർക്കാർ ചുമതലപ്പെടുത്തുന്ന അക്കാദമിക അതോറിറ്റിയാകും ഒരു നോട്ടിഫിക്കേഷനിലൂടെ അധ്യാപകരുടെ യോഗ്യത നിജപ്പെടുത്തുക. അക്കാദമിക അതോറിറ്റിയായി കേന്ദ്രസർക്കാർ നിയോഗിച്ച നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ ഒന്ന് മുതൽ എട്ടുവരെ ക്ലാസ്സുകളിലേക്കുള്ള അധ്യാപകരുടെ യോഗ്യത 2010 ആഗസ്റ്റ് മാസം 23-ന്

ഒരു നോട്ടിഫിക്കേഷനിലൂടെ നിജപ്പെടുത്തി. ആയതുപ്രകാരം ഒന്ന് മുതൽ അഞ്ച് വരെ ക്ലാസ്സുകളിലെ അധ്യാപകരുടെ യോഗ്യത പന്ത്രണ്ടാം ക്ലാസ്സും ഡി.എൽ.എഡ്ഡ്.-ഉം അഥവാ സമാനമായ പ്രൊഫഷണൽ യോഗ്യതയും ടീച്ചർ എലിജിബിലിറ്റി ടെസ്റ്റും (ടെറ്റ്) ആണ്. ആറ് മുതൽ എട്ട് വരെ ക്ലാസ്സുകളിലെ അധ്യാപകർക്ക് ബിരുദവും 2 വർഷത്തെ ഡി.എൽ.എഡ്ഡ്. അഥവാ ബി.എഡ്.-.ഉം ടീച്ചർ എലിജിബിലിറ്റി ടെസ്റ്റും ആണ് യോഗ്യതയായി നിജപ്പെടുത്തിയിരിക്കുന്നത്. ഇത്തരം ഒരു പശ്ചാത്തലത്തിലാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിന്യായം ഉണ്ടായത്. ഇതുപ്രകാരം 2010 ആഗസ്റ്റ് മാസം 23-ന് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (എൻ.സി.ടി.ഇ.) നോട്ടിഫിക്കേഷനിലൂടെ നിശ്ചയിച്ച യോഗ്യതാ മാനദണ്ഡം വിദ്യാഭ്യാസ അവകാശ നിയമത്തിന് മുമ്പ് നിയമനം ലഭിച്ച അധ്യാപകരാണെങ്കിൽപ്പോലും ബാധകമാകുകയാണ് ഈ വിധിന്യായത്തിലൂടെ സംഭവിക്കുന്നത്. സർവീസ് അവസാനിക്കാൻ 5 വർഷം ബാക്കിയുള്ളവരെ ഈ നിബന്ധനയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ യോഗ്യതയില്ലാത്തവർക്ക് യാതൊരുവിധ സ്ഥാനക്കയറ്റവും

നൽകേണ്ടതില്ലെന്നും വിധിന്യായത്തിൽ പറയുന്നുണ്ട്. യോഗ്യത നേടുന്നതിന് രണ്ട് വർഷത്തെ കാലപരിധിയും വിധിന്യായത്തിൽ നിജപ്പെടുത്തിയിട്ടുണ്ട്. അല്ലാത്തപക്ഷം ഇതിനകം യോഗ്യത നേടാത്തവരെ സർവീസിൽനിന്നും ഒഴിവാക്കണമെന്നും വിധിന്യായത്തിൽ പറയുന്നുണ്ട്. ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് സംബന്ധിച്ച സുപ്രീംകോടതി വിധി വർഷങ്ങളായി നിലവിൽ അധ്യാപക ജോലി ചെയ്യുന്ന വിഭാഗത്തിന്റെ തൊഴിൽ സുരക്ഷിതത്വത്തെ ബാധിക്കാൻ ഇടയുണ്ട്. മാത്രമല്ല, കേരളത്തിലെ ഗുണമേന്മാ വിദ്യാഭ്യാസത്തെ ബാധിക്കുന്ന ഗൗരവമേറിയ ഒരു അക്കാദമിക പ്രശ്നമായി ഇത് വളർന്നേക്കാം. അധ്യാപക സമൂഹം നാളിതുവരെ നേരിട്ട ഏറ്റവും വലിയ പ്രതിസന്ധിഘട്ടമായി ഇതുമാറാൻ സാധ്യതയുണ്ട്. ഇതൊക്കെ പരിഗണിച്ചാണ് കേരള സർക്കാർ 2019-20 അധ്യയന വർഷം വരെ സർവീസിൽ പ്രവേശിച്ച, കെടെറ്റ് നേടാത്ത അധ്യാപകർക്ക് ഈ യോഗ്യത നേടുന്നതിന് സമയം ദീർഘിപ്പിച്ച് നൽകുകയും സർവീസിലുള്ളവർക്കായി കെടെറ്റ് പരീക്ഷ ഒരിക്കൽ കൂടി നടത്താൻ തീരുമാനിക്കുകയും ചെയ്തത്. നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ നിശ്ചയിച്ച മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ

സംസ്ഥാനത്ത് കെടെറ്റ് നിബന്ധമാക്കിയ 2012-13 വർഷം മുതൽ കെടെറ്റ് ഇല്ലാതെ സർവീസിൽ തുടരുന്ന 1734 അധ്യാപകർ ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമം നിലവിൽ വരുന്നതിന് മുമ്പുള്ള, ഇതുസംബന്ധിച്ചുള്ള കണക്ക് ശേഖരിച്ചിട്ടില്ല. പ്രസ്തുത വിവരം ശേഖരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ബഹു. സുപ്രീംകോടതിയുടെ വിധിന്യായം ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ അടിത്തറ തന്നെ ദുർബലമാക്കാൻ ഇടയാക്കിയേക്കാം എന്ന വിമർശനവും ഉയർന്നുവരുന്നുണ്ട്. അറിവിന്റെയും സാങ്കേതിക വിദ്യയുടെയും വളർച്ചയ്ക്കും വികാസത്തിനും അനുസൃതമായി അധ്യാപകരുടെ യോഗ്യത ഉയർത്തുന്നതിനെ ആരും എതിർക്കുമെന്ന് തോന്നുന്നില്ല. എന്നാൽ നിശ്ചയിക്കപ്പെട്ട യോഗ്യത മാനദണ്ഡമാക്കി ഒരു സെലക്ഷൻ പ്രക്രിയയിലൂടെ കടന്നുവന്ന് നിയമിക്കപ്പെട്ട അധ്യാപകരുടെ നിയമനം പിന്നീട് വരുന്ന ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ റദ്ദാക്കപ്പെടുന്നത് ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ജീവിക്കാനുള്ള അവകാശവും സ്വാഭാവിക നീതിയുമായും ചേർന്നുപോകുന്നതാണോ എന്ന കാര്യവും ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്. ഈ രംഗത്ത് ഉയർന്നുവരുന്ന ആശങ്കകളെ

ഗൗരവത്തോടെ അഭിമുഖീകരിക്കാൻ ബഹു. സുപ്രീംകോടതിയിൽ പുനഃപരിശോധനാ ഹർജി ഫയൽ ചെയ്യുന്നതുൾപ്പെടെ എന്തൊക്കെ ചെയ്യാൻ കഴിയും എന്നത് നിയമവിദഗ്ദ്ധരുമായി ആലോചിച്ച് നടപടികൾ കൈക്കൊള്ളും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്. നിയമവിദഗ്ദ്ധരുമായി സംസാരിച്ചശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്നുള്ള നിലയിലാണ് ഇപ്പോൾ ആലോചിച്ചിട്ടുള്ളത്.

ചെറൂപ്പ സി.എച്ച്.സി.-യുടെ പ്രവർത്തനം

ശ്രീ. പി. ടി. എ. റഹീം: സർ, കോഴിക്കോട് ജില്ലയിലെ ചെറൂപ്പ സി.എച്ച്.സി.-യുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ എടുത്ത ആറ് യോഗതീരുമാനങ്ങളിൽ രണ്ടെണ്ണം മാത്രമാണ് ഇതുവരെ നടപ്പാക്കിയത്. ഡോ. വന്ദനാദാസിന്റെ മരണവുമായി ബന്ധപ്പെട്ട് ഹൈക്കോടതി ഉത്തരവ് വന്നതിനുശേഷം 24 മണിക്കൂറും പ്രവർത്തിച്ചിരുന്ന ഈ ആതുരാലയം ഇപ്പോൾ നിശ്ചലാവസ്ഥയിലാണുള്ളത്. വളരെ പ്രധാനപ്പെട്ട ഒരു തീരുമാനമെടുത്തതിൽ ചെറൂപ്പ

സാമൂഹ്യാരോഗ്യകേന്ദ്രത്തിന്റെ ഭരണ നിയന്ത്രണം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കൈമാറിക്കൊണ്ടും അക്കാദമിക് നിയന്ത്രണം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കൈയിൽ നിലനിർത്തിക്കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണം എന്നുള്ളതായിരുന്നു. അത് ചെയ്യാത്തതുകൊണ്ട് അവിടെ ആറ് ഏക്കർ സ്ഥലവും ഒരുപാട് ക്വാർട്ടേഴ്സുകളും ഒഴിഞ്ഞുകിടക്കുകയാണ്. 24 മണിക്കൂറും പ്രവർത്തിച്ചിരുന്ന ഒരു ആതുരാലയം എന്ന നിലയ്ക്ക് പ്രത്യേക പരിഗണന നൽകി ബാക്കിയുള്ള നടപടികൾകൂടി പൂർത്തിയാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): സർ, മെഡിക്കൽ കോളേജിന്റെ MCH യൂണിറ്റാണ് ചെറൂപ്പ ആരോഗ്യകേന്ദ്രം. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ റൂറൽ ഹെൽത്ത് ട്രെയിനിങ് സെന്ററായാണ് ഇത് പ്രവർത്തിച്ചുവരുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന് കീഴിലെ അസിസ്റ്റന്റ് പ്രൊഫസറാണ് സ്ഥാപനത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് ചുമതല

നിർവഹിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, ഡോ. വന്ദനാ ദാസിന്റെ നിർഭാഗ്യകരമായ കൊലപാതകത്തെത്തുടർന്ന് ആരോഗ്യകേന്ദ്രത്തിൽ മെഡിക്കൽ ഓഫീസർമാരുടെ സാന്നിധ്യത്തിൽ മാത്രമേ ഹൗസ് സർജൻമാർ ഡ്യൂട്ടി ചെയ്യേണ്ടതുള്ളൂവെന്നത് കർശനമായി പാലിക്കണമെന്ന വ്യവസ്ഥ നടപ്പാക്കിയതിനെത്തുടർന്ന് 11-05-2023 മുതലാണ് ഡോക്ടർമാരുടെ സേവനം 24 മണിക്കൂറും ഇല്ലാതെ വന്നത്. തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി മുഖേന ഈവനിങ് ഒ.പി. നടത്തുന്നതിനായി ഒരു മെഡിക്കൽ ഓഫീസറെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. ചെറൂപ്പ ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജിന്റെ കീഴിൽനിന്നും ആരോഗ്യ കേന്ദ്രത്തിന്റെ ഭരണനിയന്ത്രണം 19-09-2023-ലെ സർക്കാർ ഉത്തരവ് പ്രകാരം കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് വിട്ടുനൽകുകയും ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിനായി നിർവഹണ ഉദ്യോഗസ്ഥരെ നിയമിച്ച് വിവിധ പദ്ധതികൾ നടപ്പാക്കി

വരികയും ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഹെൽത്ത് ഗ്രാന്റ് ഉൾപ്പെടെയുള്ള ആരോഗ്യമേഖലയിലെ വിവിധ പദ്ധതികൾ 2023-24 സാമ്പത്തിക വർഷം മുതൽ നടപ്പാക്കിവരുന്നു. 2024-25 സാമ്പത്തിക വർഷം മുതൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഹെൽത്ത് ഗ്രാന്റ് ഒഴികെയുള്ള മറ്റ് പദ്ധതികളും ഈ സ്ഥാപനത്തിൽ നടപ്പാക്കി വരുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഹെൽത്ത് ഗ്രാന്റ് പദ്ധതി ഈ ആരോഗ്യകേന്ദ്രത്തിന് ലഭ്യമാക്കുന്നതിന് കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ട്. 15-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അവാർഡ് പ്രകാരം കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റ് ആരംഭിക്കുന്നതിന് മുക്കം സി.എച്ച്.സി.-ക്ക് അനുവദിച്ച തുക ചെറൂപ്പ MCH യൂണിറ്റിൽ ബ്ലോക്ക് പൊതുജനാരോഗ്യ യൂണിറ്റ് സ്ഥാപിക്കുന്നതിന് ഉപയോഗിക്കാൻ 10-09-2025-ലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. അന്നത്തെ മീറ്റിങ്ങിൽ പറഞ്ഞ ഒരു കാര്യം, വർക്കിങ് അറേഞ്ചുമെന്റിൽ ഡോക്ടർമാരെ മറ്റിടങ്ങളിലേയ്ക്ക് വിട്ടിട്ടുണ്ട് എന്നതായിരുന്നു. പക്ഷേ അന്യത്ര സേവന

വ്യവസ്ഥയിൽ (വർക്കിങ് അറേഞ്ച്മെന്റിൽ) മറ്റിടങ്ങളിലേയ്ക്ക് ജീവനക്കാരെ നിയമിച്ചിട്ടില്ല. ഒന്നുരണ്ട് വിഷയങ്ങൾ കൂടിയുണ്ട്. കേന്ദ്ര സർക്കാരിന്റെ സ്ക്രാപ്പ് പോളിസി പ്രകാരം 15 വർഷം കഴിഞ്ഞ സർക്കാർ വാഹനങ്ങൾ നിരത്തിലിറക്കാൻ സാധിക്കില്ല. സ്വകാര്യ മേഖലയ്ക്ക് ആ നയമില്ല. ആരോഗ്യ വകുപ്പിൽ 865 വാഹനങ്ങൾ പുറത്തിറക്കാൻ കഴിയാത്തതായിട്ടുണ്ട്. ആരോഗ്യകേന്ദ്രത്തിലെ വാഹനം ഉപയോഗിക്കാൻ സാധിക്കാത്തതുകൊണ്ട് ആ സ്ഥാപനത്തിലെ ഡ്രൈവറെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. അവിടെയുൾപ്പെടെ വാഹനങ്ങൾ ക്രമീകരിക്കുന്നതിനായി ശ്രമം നടത്തുന്നുണ്ട്. അവിടെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ രണ്ട് തസ്തികകളുണ്ട്. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-I പ്രൊമോഷന് ഒരു കേസ് നിലവിലുണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അനുവാദത്തോടുകൂടി ഗ്രേഡ് I-ലേയ്ക്ക് പ്രൊവിഷണൽ പ്രൊമോഷൻ കൊടുക്കുന്നതിനായി തീരുമാനിച്ച്, അതിന് നടപടികൾ നടക്കുന്നുണ്ട്. സ്ഥാനക്കയറ്റം മുഖേന അത് നികത്താൻ കഴിയും. പ്രസ്തുത തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള

നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ അക്കാഡമിക് നിയന്ത്രണം-DME, അഡ്മിനിസ്ട്രേറ്റീവ് നിയന്ത്രണം-DHS എന്ന നിലയിൽ..... ഇവിടെ മാത്രമല്ല, മറ്റ് മെഡിക്കൽ കോളേജുകളുള്ള... തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങലും വക്കത്തും സമാനമായ വിഷയമുണ്ട്. അതിനെല്ലാം ഒരുമിച്ച് തീരുമാനമെടുത്ത്...... അക്കാഡമിക് പ്രവർത്തനത്തെ ബാധിക്കുന്ന കാര്യമായതിനാൽ ഇക്കാര്യങ്ങളിൽ സൂക്ഷ്മമായ തീരുമാനം ശ്രദ്ധാപൂർവം എടുക്കേണ്ടതുണ്ട്. അത് വൈകാതെയുണ്ടാകും.